**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 792** **17-09-2025 - ൽ മറുപടിയ്ക്ക്**

**സഹകരണബാങ്കുകളിലെ റിസ്ക് ഫണ്ട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണബാങ്കുകളിൽ നിന്നും വായ്പയെടുത്തതിനുശേഷം മരണപ്പെടുന്നവർ, മാരകരോഗം ബാധിക്കുന്നവർ എന്നിവർക്ക് സഹായം നൽകുന്നതിനുള്ള റിസ്ക് ഫണ്ട് പദ്ധതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | കേരള സഹകരണ നിയമം വകുപ്പ് 57 (ഡി) പ്രകാരം രൂപീകരിച്ച "കേരള സഹകരണ കടാശ്വാസ പദ്ധതി 2008"(Risk fund Scheme) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു.<br><br>കേരള സഹകരണ നിയമം പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കിനില്ക്കുന്ന ബാദ്ധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് കേരള സഹകരണ കടാശ്വാസ പദ്ധതി 2008/ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ നൽകിയിട്ടുള്ള റിസ്ക് ഫണ്ട് ധനസഹായം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ? | (ബി) | കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി മരണാനന്തര ചികിത്സാ ധനസഹായമായി 20.05.2021 മുതൽ 10.09.2025 വരെ 48,793 വായ്പകളിലായി 446,02,02,917/- രൂപയുടെ ധനസഹായം അനുവദിച്ച് നല്കിയിട്ടുണ്ട്. ജില്ല തിരിച്ച് റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | എണ്ണം | തുക |
|---|---|---|
| തിരുവനന്തപുരം | 2,272 | 25,88,61,989 |
| കൊല്ലം | 3,531 | 42,18,61,913 |
| പത്തനംതിട്ട | 1,352 | 12,80,54,897 |
| ആലപ്പുഴ | 1675 | 17,09,86,657 |
| കോട്ടയം | 2,345 | 26,91,23,768 |
| ഇടുക്കി | 2,225 | 15,67,38,979 |
| എറണാകുളം | 6,712 | 62,03,68,825 |
| തൃശ്ശൂർ | 4,237 | 40,82,45,746 |
| പാലക്കാട് | 3,153 | 31,15,09,423 |
| മലപ്പുറം | 4,070 | 39,67,07,484 |

| | | |
|---|---|---|
| കോഴിക്കോട് | 3,643 | 33,98,85,189 |
| വയനാട് | 1063 | 9,77,01,794 |
| കണ്ണൂർ | 9,068 | 65,28,05,624 |
| കാസർഗോഡ് | 3,447 | 22,73,50,629 |
| **ആകെ** | **48,793** | **4,46,02,02,917** |

സെക്ഷൻ ഓഫീസർ